കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

നമ്പർ: LSGD/PD/26078/2024-TCPB2

തീയ്യതി: 03-11-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- CRZ പരിധിയിലെ നിർമ്മാണത്തിന് അനുമതി നൽകുന്നത്-പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നത് –സംബന്ധിച്ച്.

സൂചന:- 1.സർക്കാരിന്റെ 01/07/2024 തീയതിയിലെ RB2/220/2024-LSGD നമ്പർ കത്ത്.

2. KCZMA മെമ്പർ സെക്രട്ടറി സർക്കാരിനയച്ച 20.03.2024-ലെ 3257/A1/2022/KCZMA നമ്പർ കത്ത്

CRZ മേഖലയിൽ KCZMA-യുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെ നിർമ്മാണപ്രവൃത്തികൾ നടത്തുന്നത് നിയമവിരുദ്ധമാണെന്നിരിക്കെ, സർക്കാർ വകുപ്പുകൾ/സ്ഥാപങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പോലും പൂർണ്ണമായോ ഭാഗികമായോ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണ അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നും, KCZMA/NCZMA-യിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് CRZ വിജ്ഞാപനത്തിൽ നിയമപരമായ വ്യവസ്ഥയില്ലെന്നുമുള്ള കാര്യം സൂചന (2) കത്ത് മുഖേന KCZMA സർക്കാരിനെ അറിയിച്ചിരുന്നു. ആയതിനാൽ അങ്ങനെയുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി CRZ പ്രദേശത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആയത് ആരംഭിക്കുന്നതിന് മുൻപായി CRZ അനുമതി ലഭ്യമാക്കുന്നതിനായും, CRZ പരിധിയിലെ ഏതെങ്കിലും നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് CRZ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണെന്നുള്ള ഒരു പൊതു നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

Environment Protection Act 1986 പ്രകാരവും, Coastal Regulation Zone Notification പ്രകാരവും KCZMA-യുടെ അനുമതി ഇല്ലാതെ CRZ പ്രദേശത്ത് ഏതൊരു നിർമ്മാണം നടത്തുന്നതും നിയമവിരുദ്ധമാണ്.

മേൽസാഹചര്യത്തിൽ CRZ പ്രദേശത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആയത് ആരംഭിക്കുന്നതിന് മുൻപായി CRZ അനുമതി ലഭ്യമാക്കുന്നതിനും, CRZ പരിധിയിലെ ഏതെങ്കിലും നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുമ്പ് CRZ നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾ

പാലിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

Seeram Sambasiva Rao IAS

PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN ...1045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM *

പകർപ്പ് : ഡയറക്ടർ, KCZMA
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (ജില്ലാ JD മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാ JD മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (KCZMA, DLC Chairpersons)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും (KCZMA, DLC Convenors)